# പ്രസിദ്ധീകരണത്തിന്

## മഞ്ചേശ്വരം ക്യാമ്പസ് ഉൽഘാടനം ചെയ്തു.

കണ്ണൂർ സർവകലാശാലയുടെ എട്ടാമത് ക്യാമ്പസ് മഞ്ചേശ്വരത്ത് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഓൺലൈനിൽ ഉൽഘാടനം ചെയ്തു. മഹാകവി പി.കുഞ്ഞിരാമൻ നായർ, രാഷ്ട്ര കവി എം. ഗോവിന്ദ പൈ, മഹാകവി കുട്ടമത്ത്, വിദ്വാന് പി കേളുനായര്, കയ്യാര് കിഞ്ഞണ്ണ റായ്, ടി. ഉബൈദ്, ടി.എസ് തിരുമുമ്പ് ഇങ്ങനെ നിരവധി സാംസ്കാരിക നായകരെ സംഭാവന ചെയ്ത ജില്ലയാണ് കാസർഗോഡ്. അത്തരത്തിലുള്ള കാസർഗോഡിനെ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാകാൻ ഉതകുന്നതാവും കണ്ണൂർ സർവകലാശാലയുടെ മഞ്ചേശ്വരം ക്യാമ്പസ് എന്നും ക്യാമ്പസ് ഉൽഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പ്രസ്താവിച്ചു .ഈ വർഷം എൽ.എൽ.എം. കോഴ്സ് ആരംഭിക്കും. ക്യാമ്പസിനെ അക്കാദമിക് മികവിന്റെ കേന്ദ്രമാക്കുമെന്നും അടുത്ത അഞ്ചു വർഷങ്ങൾകൊണ്ട് ക്യാമ്പസിനെ ഭാഷാ വൈവിധ്യ പഠന കേന്ദ്രമായി വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും. സംസ്ഥാനത്താകെ ഉന്നത വിദ്യാഭാസ മേഖലയിൽ സവിശേഷമായ ഇടപെടലുകൾ നടത്തുമ്പോൾ കാസർഗോഡ് ജില്ലക്കുകൂടി അതിന്റെ പ്രയോജനം ലഭ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സമസ്ത മേഖലകളിലും കാസർകോഡിന്റെ വികസനത്തിന് പ്രത്യേക പരിഗണയാണ് സർക്കാർ നല്കിവരുന്നതെന്നും മുഖ്യമന്തി ഉൽഘാടന പ്രസംഗത്തിൽ പറഞ്ഞു. ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു അധ്യക്ഷത വഹിച്ചു.

## കോഴ്സ് പുനക്രമീകരിച്ചു

കണ്ണൂർ സർവകലാശാല യു ജി സി - എച് ആർ ഡി സി ക്കു 2021-22 വർഷത്തിൽ യു ജി സി അനുവദിച്ച കോഴ്സുകളിൽ 2021 നവംബർ 5 മുതൽ നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ സർവകലാശാല/ കോളേജ് അധ്യാപകർക്കുള്ള ഓൺലൈൻ റിഫ്രഷർ കോഴ്സ് ഇൻ ബയോളജിക്കൽ സയൻസ് 09-12-2021 നു തുടങ്ങി 22-12-2021നു അവസാനിക്കുന്ന വിധത്തിൽ പുനഃക്രമീകരിച്ചു. ഈ കോഴ്സിനുള്ള അപേക്ഷകൾ 02-12-2021 വൈകുന്നേരം അഞ്ചു മണി വരെ സ്വീകരിക്കു ന്നതാണ്.ഓൺലൈൻ ലൈവ് സെഷൻ മുഖാന്തിരമാണ് ക്ലാസ് നടത്തുന്നത്. വിശദവിവരങ്ങൾ സർവകലാശാല വെബ് സൈറ്റിൽ (www.hrdc.kannuruniversity.ac.in) ലഭ്യമാണ്.തിരഞ്ഞെടുക്കപ്പെടുന്നവർക്കു അപേക്ഷാ ഫോമിൽ നൽകിയിരിക്കുന്ന ഇ-മെയിലിൽ അറിയിപ്പ് ലഭിച്ചതിനു ശേഷം മാത്രം റെജിസ്ട്രേഷൻ ഫീ അടച്ചാൽ മതി. ഒരിക്കൽ നൽകിയ ഫീ ഒരു കാരണവശാലും തിരികെ നൽകുന്നതല്ല.

## <u>ഹോൾടിക്കറ്റ്</u>

· **രണ്ടാം** സെമസ്റ്റർ **എം. എം.** (ഇംഗ്ലിഷ് ഒഴികെ) **/ എം. എസ് സി/ എം. എസ്. ഡബ്ല്യു.** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്- 2014 അഡ്മിഷൻ മുതൽ), ഏപ്രിൽ 2021 പരീക്ഷകളുടെ ഹോൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

· **24.11.2021** ന് ആരംഭിക്കുന്ന **ആറാം** സെമസ്റ്റർ **ബിരുദ** (2009 – 2013 അഡ്മിഷനുകൾ) മേഴ്സി ചാൻസ് പരീക്ഷകളുടെ ഹോൾടിക്കറ്റ് **സർവകലാശാല വെബ്സൈറ്റിൽ** ലഭ്യമാണ്. പരീക്ഷാകേന്ദ്രം കണ്ണൂർ സർവകലാശാല ആസ്ഥാനമാണ്.

## <u>ഇന്റേണൽ മാർക്ക്</u>

**ഒന്നാം** സെമസ്റ്റർ **എം. എസ് സി. മോളിക്യുലാർ ബയോളജി** (നവംബർ 2020) പരീക്ഷകളുടെ ഇന്റേണൽ മാർക്ക് **23.11.2021, 24.11.2021** തീയതികളിൽ ഓൺലൈനായി സമർപ്പിക്കാം.